ശ്രീ. ബേബി ജോൺ: 1976-ൽ പ്ലാനിങ്ങ് ബോർഡിന്റെ ഒരു വർക്കിംഗ് ഗ്രൂപ്പ് (ശ്രീ. കെ. എസ്. നടരാജൻ ചെയർമാനായിട്ടുള്ള ഒരു വർക്കിംഗ് ഗ്രൂപ്പ്) ഇതിനെപ്പറ്റി പഠിക്കാൻ ഏർപ്പാടു ചെയ്തു. ഏറ്റവും ഒടുവിലായി 13-2-1979-ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺ ഫറൻസിൽ പ്ലാനിങ്ങ് ബോർഡിനു വ്യക്തമായ നിർദ്ദേശങ്ങളും നൽകി, മൂന്നുമാസത്തിനകം ഇതിനെ സംബന്ധിച്ച റിപ്പോർട്ടു വേണം എന്ന്. അത് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മലയോരപ്രദേശങ്ങളുടെ പ്രത്യേകത കണക്കിലെടുത്തതുപോലെതന്നെ കേരളത്തിലെ പ്രത്യേക പരിതഃസ്ഥിതിയിൽ കടലോരപ്രദേശങ്ങൾക്കുവേണ്ടി ഒരു കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ, ബേബി ജോൺ: അങ്ങനെയൊരു പ്രത്യേക കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി വേണമെന്നുദ്ദേശിക്കുന്നില്ല. കടലോരപ്രദേശങ്ങളുടേയും സമതലപ്രദേശങ്ങളുടേയും കാർഷികവികസനത്തിനു വേണ്ടി സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

കുട്ടികളുടെ സർവ്വവിജ്ഞാനകോശത്തിന്റെ നിർമ്മാണം

* 753 [820] ശ്രീ. പി. ആർ. ശിവൻ:

,, എ. പി. കുര്യൻ:

,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കുട്ടികളുടെ സർവ്വവിജ്ഞാനകോശം നിർമ്മിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി;

(ബി) ഇതിന്റെ നിർമ്മാണച്ചുമതല ആരെ/ഏതു സ്ഥാപനത്തെ ഏൽപ്പിക്കാനാണ് തീരുമാനം;

(സി) ഇതിനുവേണ്ടി ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ടു തുടങ്ങാൻ ആലോചനയുള്ളതായി അറിയുന്നത് ശരിയാണോ;

(ഡി) എങ്കിൽ, വിജ്ഞാനകോശനിർമ്മാണം മാത്രം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടതും സ്തുത്യർഹമായ നിലയിൽതന്നെ പ്രവർത്തിക്കുന്നതുമായ എൻസൈക്ലോപീഡിക് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുള്ള സ്ഥിതിക്ക് കുട്ടികളുടെ വിജ്ഞാനകോശ നിർമ്മാണച്ചുമതല അവരെ ഏൽപ്പിക്കാതിരിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്ന സംഗതി എന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) കുട്ടികളുടെ സർവ്വവിജ്ഞാനകോശം നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് പഠിച്ച് ഗവൺമെന്റിലേക്കു റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഗവൺമെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി, ഡി) മേൽ പ്രസ്താവനയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. പി. കുര്യൻ: നമ്മുടെ സംസ്ഥാനത്ത് എൻസൈക്ലോപീഡിയായുടെ നിർമ്മാണത്തിനുവേണ്ടി വളരെയധികം സേവനം അനുഷ്ഠിച്ചിട്ടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷന്റെ പ്രവർത്തന പരിചയത്തെ പരിഗണിച്ചുകൊണ്ട് ഈ ഇൻസ്റ്റിറ്റ്യൂട്ടിനെതന്നെ ഈ ബാലവിജ്ഞാനകോശം തയ്യാറാക്കുന്നതിന് ഏൽപ്പിക്കുന്നതിന് എന്താണ് പ്രതിബന്ധമായി ഉള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബാലവിജ്ഞാനകോശം വേറെ രീതിയിലുള്ളതാണ്. സർവ്വവിജ്ഞാനകോശം കോളേജുകളിലെ കുട്ടികൾക്കുള്ളതാണ്. ബാലവിജ്ഞാനകോശം കൊച്ചുകുട്ടികൾക്ക് പഠിക്കുന്നതിന് ഉള്ളതാണ്. രണ്ടും തമ്മിൽ വ്യത്യാസം ഉണ്ട്. ആരെ ഏൽപ്പിക്കണം, ആരെ ഏൽപ്പിക്കേണ്ട എന്നുള്ളകാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: 1977-ൽ അങ്ങുതന്നെ വിദ്യാഭ്യാസവകുപ്പു മന്ത്രിയായിരിക്കുമ്പോൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷനെ ബാലവിജ്ഞാനകോശം ഉണ്ടാക്കുന്ന ചുമതല ഏൽപ്പിക്കാൻ പോകുന്നതായി പ്രഖ്യാപിച്ചതായി പത്രങ്ങളിൽ വന്നു. അതിനുശേഷം അങ്ങുതന്നെ പ്രഖ്യാപിച്ച തീരുമാനം മാറ്റി ഇങ്ങനെയൊരു തീരുമാനം എടുക്കാനുണ്ടായ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കിയാൽ യുനസ്കോയിൽനിന്നും എയ്ഡ് കിട്ടാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഇങ്ങനെയൊരു പ്രത്യേക ഏജൻസിയെ ഏൽപ്പിക്കുന്നതാണ് നല്ലതെന്നു തോന്നി.

ശ്രീ. പി. കരുണാകരൻ: സർവ്വവിജ്ഞാനകോശത്തിനും ബാലവിജ്ഞാനകോശത്തിനും വ്യത്യാസം ഉണ്ടെന്നുള്ളത് അറിയാം. സർവ്വവിജ്ഞാനകോശത്തിനുള്ള പ്രവർത്തനം നടക്കുന്നതുകൊണ്ട് വാക്കുകളായാലും, ചിത്രങ്ങളായാലും ഗവേഷണം നടത്തുന്നതിനുള്ള നിരവധി സാമഗ്രികൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയാ പബ്ലിക്കേഷന്റെ കൈവശം ഇപ്പോൾ ഉണ്ട്. ബാലവിജ്ഞാനകോശം ഉണ്ടാക്കുന്നതിന് ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിച്ചാൽ ഇതെല്ലാം ശാസ്ത്രീയമായ രീതിയിൽ ചെയ്യാനും ഉപയോഗിക്കാനും കഴിയും. അതല്ലാതെ പ്രത്യേക മട്ടിൽ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കുക എന്നു പറഞ്ഞാൽ അത് ധന ദുർവിനിയോഗമാണ്. ഇപ്പോൾ ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് തന്നെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഫലപ്രദമായി ചെയ്യാൻ സാധിക്കുമെന്നുള്ളതല്ലേ വസ്തുത?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

ശ്രീ. പി. സി. ജോസഫ്: ബാലവിജ്ഞാനകോശത്തിന്റെ ആദ്യവാല്യത്തിന്റെ അച്ചടി എന്നേയ്ക്ക് ആരംഭിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: യുനസ്കോയിൽനിന്നും സഹായം ലഭിക്കുമെന്നു പറഞ്ഞു. കഴിഞ്ഞപ്രാവശ്യം എൻസൈക്ലോപീഡിയാ ഇറക്കിയ അവസരത്തിൽ എന്തെങ്കിലും സഹായം കിട്ടിയോ? ഈ പ്രാവശ്യം ഇങ്ങനെയൊരു പ്രത്യേക യൂണിറ്റ് ഉണ്ടാക്കിയെങ്കിൽ മാത്രമേ സഹായം കിട്ടുകയുള്ളു എന്ന് നിർബന്ധമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കിട്ടാൻ സാധ്യത ഉണ്ടെന്നാണ് പറഞ്ഞത്. കഴിഞ്ഞപ്രാവശ്യം കിട്ടിയിട്ടില്ല. ബാലവിജ്ഞാനകോശത്തിന് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചെന്ന് പറഞ്ഞിട്ടില്ല. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടും ഇല്ല.

ശ്രീ. പി. ബി. ആർ. പിള്ള: സർവ്വവിജ്ഞാനകോശത്തിന്റെ കോപ്പികൾ പത്രങ്ങൾക്ക് കൊടുക്കാൻ തീരുമാനിച്ചപ്പോൾ വൻകിട പത്രങ്ങൾക്കും ചില ഭരണകക്ഷിക്കാരുടെ പത്രങ്ങൾക്കുമാണ് കൊടുത്തത്. ചെറുകിട പത്രങ്ങളേയും മറ്റും ഒഴിവാക്കുകയുണ്ടായി. അതുപോലെയാണോ ബാലവിജ്ഞാനകോശത്തിന്റെ കൃതികളും കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ; വിജ്ഞാനകോശം എങ്ങനെ നടത്തണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഉള്ള കമ്മിറ്റി രൂപീകരിച്ചതേ ഉള്ളു. അതിനുമുമ്പ്തന്നെ ആർക്കു കൊടുക്കണമെന്നു പറയുന്നത് മുട്ട വിരിയുന്നതിനുമുമ്പ് തന്നെ കോഴിയെ എണ്ണുന്നതുപോലെയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: എൻസൈക്ലോപീഡിയായുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുള്ള അഭിപ്രായം ഗവൺമെന്റിനുണ്ടോ, ഉണ്ടെങ്കിൽ ബാലവിജ്ഞാനകോശവും കൂടി അവരെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് കാര്യക്ഷമമായി നടക്കുന്നു എന്നുള്ള അഭിപ്രായം ഉണ്ട്. പക്ഷെ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുള്ളതുകൊണ്ട് ഇതും കൂടി അടിച്ചേൽപ്പിക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. വി. ജെ ജോസഫ്: ബാലവിജ്ഞാനകോശത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയുള്ള കമ്മിറ്റി രൂപീകരണത്തിൽ എന്തോ ചീഞ്ഞു നാറുന്നുണ്ടെന്നുള്ള വിവരം, ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കമ്മിറ്റിയുടെ രൂപീകരണത്തിൽ എന്തോ ചീഞ്ഞു നാറുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ആരോപണങ്ങളും ആവലാതികളും എല്ലാം എപ്പോഴും ഉണ്ടാകുന്നതാണ്.

കേരള വ്യാപാര–വ്യവസായ സംഘടനയുടെ നിവേദനം

* 754 [821] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എം. വി. രാഘവൻ:
,, ചടയൻ ഗോവിന്ദൻ:
,, കെ. അനിരുദ്ധൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യാപാര–വ്യവസായ സംഘടന ഈയിടെ ഗവൺമെന്റിനു നൽകിയിട്ടുള്ള നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly